## പതിനാലാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:795 — 11.07.2016 ൽ മറുപടിക്ക്

### ശാന്തിഗ്രാം ഗവൺമെൻറ് ഇംഗ്ളീഷ് മീഡിയം ഹൈസ്കൂൾ ഇടുക്കി

ചോദ്യം — മറുപടി

ശ്രീ.എം.എം. മണി — പ്രൊഫ.സി.രവീന്ദ്രനാഥ്,

(ബഹു വിദ്യാഭ്യാസ വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| എ) | ഇടുക്കി ജില്ലയിലെ ശാന്തിഗ്രാം ഗവൺമെൻറ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളിൽ അനുവദിച്ച തസ്തികകൾ ഏതൊക്കെയാണെന്നും ഒഴിവു കളെത്രയെന്നും സംബന്ധിച്ചുള്ള വിശദാംശം നൽകുമോ; | എ) | സർക്കാർ ഉത്തരവ് (എം.എസ്.) നം. 238/10/പൊ.വി.വ. തീയതി 16/11/2010 പ്രകാരം അപ്ഗ്രേഡ് ചെയ്ത ശാന്തിഗ്രാം ഇംഗ്ലീഷ് മീഡിയം സ്കൂളിൽ സർക്കാർ ഉത്തരവ് (എം.എസ്.) 114/11/പൊ.വി. തീയതി 19.05.2011 പ്രകാരം താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിക്കുവാൻ അനുമതി നൽകിയിരുന്നു.<br>ഹെഡ്മാസ്റ്റർ - 1<br>എച്ച്.എസ്.എ.കോർ സബ്ജക്ട് (മലയാളം) - 4<br>എച്ച്.എസ്.എ..ലാംഗേജ് - 2<br>പ്രൈമറിടീച്ചേഴ്സ് - 7<br>ക്ലാർക്ക് - 1<br>പ്യൂൺ - 2<br>എഫ്.റ്റി.എം. - 2<br>ഒഴിവുകൾ താഴെ പറയുന്നവയാണ്.<br>എച്ച്.എസ്.എ.കോർ സബ്ജക്ട് - 1<br>പ്യൂൺ - 2<br>എഫ്.റ്റി.എം. 2 |
| ബി) | പ്രസ്തുത സ്കൂളിൽ അധ്യാപക അനധ്യാപക തസ്തികകൾ സൃഷ്ടിച്ചതുമായി ബന്ധപ്പെട്ടിറക്കിയ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | ബി) | അനുബന്ധമായി ചേർത്തിട്ടുണ്ട് |
| സി) | ഈ തസ്തികകളിലെല്ലാം നിയമനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ നിയമനം നടത്താത്തതിന്റെ സാഹചര്യം വിശദീകരിക്കാമോ; | സി) | ഇല്ല.ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യപ്പെടുന്ന സ്കൂളുകളിൽ ആർ.എം.എസ്.എ പദ്ധതി പ്രകാരം ഒരു ഹെഡ്മാസ്റ്റർക്കും അഞ്ച് ഹൈസ്കൂൾ അദ്ധ്യാപകർക്കും മാത്രമാണ് ശമ്പളം നൽകാൻ |

| | | | |
|---|---|---|---|
| | | | അംഗീകാരമുള്ളത് .എന്നാൽ സംസ്ഥാന സർക്കാരിന്റെ ഉത്തരവു പ്രകാരം സൃഷ്ടിച്ചിട്ടുള്ള തസ്തികയായ ഒരു ക്ലാർക്കിന്റെ ശമ്പളം സംസ്ഥാന സർക്കാർ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തസ്തികയിൽ നിയമനം നടത്തിയിരുന്നു എന്നാൽ മറ്റുള്ള അധിക തസ്തികകളിൽ നിയമിക്കപ്പെടുന്നവർക്ക് ശമ്പളം നൽകുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം ആകാത്തതിനാൽ നിയമനം നടത്തിയിട്ടില്ല. |
| ഡി) | നിലവിൽസർക്കാർ സൃഷ്ടിച്ച എത്ര തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുവെന്നും, അനുവദിച്ച തസ്തികകളിൽ നിയമനം നടത്തുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദീകരിക്കുമോ; | ഡി) & ഇ) | ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ താഴെപ്പറയുന്നവയാണ്<br><br>എച്ച്.എസ്. എ കോർ സബ്ജക്ട് - 1<br><br>പ്യൂൺ - 2<br><br>എഫ്.റ്റി.എം - 2<br><br>ആർ.എം.എസ്. എ സപ്പോർട്ടട് സ്കൂളുകളെ മറ്റു സർക്കാർ സ്കൂളുകളെപ്പോലെ പരിഗണിക്കുന്നതിനും ടി സ്കൂളുകളിൽ കെ.ഇ. ആർ പ്രകാരം തസ്തിക നിർണ്ണയം നടത്തി ജീവനക്കാരെ നിയമിക്കുന്നതിനുമുള്ള നിർദ്ദേശം സർക്കാരിന്റെ പരിശോധനയിലാണ് |
| ഇ) | ഈ സ്കൂളിൽ അനുവദിച്ചിട്ടുള്ള അധ്യാപക അനധ്യാപക തസ്തികകളിൽ അടിയന്തിരമായി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | | |
| | | | |

സെക്ഷൻ ആഫീസർ

അനുബന്ധം

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസം- കേന്ദ്രാവിഷ്കൃത പദ്ധതി - രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ- സ്കൂളുകളിൽ ഹൈസ്കൂൾ വിഭാഗം ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്

സ.ഉ. (എം.എസ്.)നം. 238/2010/പൊ.വി. തീയതി, തിരുവനന്തപുരം, 16/11/2010.

പരാമർശം:- 1. 13.6.2007 ലെ സ.ഉ.(പി) നം.107/2007/പൊ.വി.
2. കേന്ദ്രമാനവ വിഭവശേഷി വികസന മന്ത്രാലയത്തിൽ നിന്നുള്ള 5.03.2010 ലെ എഫ്.1-59/2009 - Sch-1 നമ്പർ കത്ത്.
3. രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ സ്പെഷ്യൽ ഓഫീസറുടെ 3.07.2010 ലെ എ1-6/2009/ ആർ.എം.എസ്.എ. നമ്പർ കത്ത്.

RMSA
23/11/2010

## <u>ഉത്തരവ്</u>

രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ.) സെക്കന്ററി വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി ആരംഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ദേശീയതലത്തിൽ 9ാം ക്ലാസ് മുതലാണ് സെക്കന്ററി വിദ്യാഭ്യാസം ആരംഭിക്കുന്ന ഘട്ടം. ആയതിനാൽ 9 മുതൽ 12 വരെ ക്ലാസുകളാണ് ആർ.എം.എസ്.എ. പദ്ധതിയിൽ വരിക. പതിനൊന്നാം പഞ്ചവത്സര പദ്ധതി കാലഘട്ടത്തിൽ 9,10 ക്ലാസുകളെയാണ് ഈ പദ്ധതി ലക്ഷ്യം വച്ചിട്ടുള്ളത്. സ്കൂൾ ലൈബ്രറി, ലബോറട്ടറി എന്നിവ അഭിവൃദ്ധിപ്പെടുത്തൽ, അധ്യാപക പരിശീലനം, സെക്കന്ററി വിദ്യാഭ്യാസ സൗകര്യങ്ങൾ കുറവായ പ്രദേശങ്ങളിൽ സർക്കാർ പ്രൈമറി സ്കൂളുകൾ ഉയർത്തൽ, ആവശ്യമെങ്കിൽ പുതുതായി സ്ഥാപിക്കൽ എന്നിവയൊക്കെ ഈ പദ്ധതിയുടെ ഭാഗമാണ്. 2009-10 സാമ്പത്തിക വർഷം മുതലാണ് ആർ.എം.എസ്.എ. പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നത്. ഈ പദ്ധതിയിൽ 75:25 എന്ന ക്രമത്തിലാണ് കേന്ദ്ര സംസ്ഥാന വിഹിതം. സർക്കാർ വിദ്യാലയങ്ങളെ മാത്രമാണ് ആർ.എം.എസ്.എ. പദ്ധതിയിൽ പരിഗണിക്കുന്നത്.

2) ആർ.എം.എസ്.എ. പദ്ധതിയുടെ ഭാഗമായി കാസർഗോഡ്, വയനാട്, പാലക്കാട്, ഇടുക്കി ജില്ലകളിലെ 60 പ്രൈമറി സ്കൂളുകൾ ഹൈസ്കൂളുകളായി ഉയർത്തുന്നതിനുള്ള നിർദ്ദേശം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. പ്രസ്തുത നിർദ്ദേശത്തിന് കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

3) മേൽപ്പറഞ്ഞ സാഹചര്യത്തിൽ, കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം V ലെ 2, 2A എന്നീ ചട്ടങ്ങൾക്കും, മുകളിൽ ഒന്നാമതു പരാമർശിച്ചിരിക്കുന്ന സർക്കാർ ഉത്തരവിലെ നിബന്ധനകൾക്കും അയവുവരുത്തിക്കൊണ്ട് അനുബന്ധമായി ചേർത്തിട്ടുള്ള ലിസ്റ്റിൽ ഉൾപ്പെട്ട കാസർഗോഡ്, വയനാട്, പാലക്കാട്, ഇടുക്കി ജില്ലകളിലെ സ്കൂളുകളിൽ ഈ അദ്ധ്യയന വർഷം ഹൈസ്കൂൾ വിഭാഗം ആരംഭിക്കുന്നതിനുള്ള അനുമതി നൽകുന്നു. ലിസ്റ്റിലെ ക്രമനമ്പർ 23, 24, 25, 58 എന്നീ വിദ്യാലയങ്ങൾ നിലവിൽ എൽ.പി. സ്കൂളുകളാണ്. പ്രസ്തുത

വിദ്യാലയങ്ങളുടെ കാമ്പസിൽ ഹൈസ്കൂൾ വിഭാഗം ആരംഭിക്കേണ്ടതാണ്. പ്രസ്തുത വിദ്യാലയങ്ങളെ യു.പി. സ്കൂളുകളായി ഉയർത്തുന്ന കാര്യം പിന്നീട് തീരുമാനിക്കുന്നതാണ്. ക്രമനമ്പർ 60 ൽ പറഞ്ഞിട്ടുള്ള ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടത്തി വരുന്ന വിദ്യാലയം ഏറ്റെടുക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

4) മേൽപ്പറഞ്ഞ സ്കൂളുകളിൽ 8, 9 ക്ലാസുകൾ ഈ അദ്ധ്യയന വർഷം തന്നെ ആരംഭിക്കേണ്ടതാണ്. ഇതിനാവശ്യമായ കെട്ടിടം പണിയുന്നതിനുള്ള അനുമതിയും ഉണ്ടായിരിക്കുന്നതാണ്. സ്കൂളുകളുടെ ഭൗതിക സൗകര്യ വികസനത്തിനുള്ള ഫണ്ട് ആർ.എം.എസ്.എ. പദ്ധതിയിൽ നിന്നും വഹിക്കേണ്ടതാണ്. സ്കൂളിനാവശ്യമായ ഭൂവിസ്തൃതി ഉറപ്പാക്കുന്നതിനുള്ള ഉത്തരവാദിത്തം അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിനായിരിക്കും.

5) 8-ാം ക്ലാസിലേക്കുള്ള അദ്ധ്യാപകരുടെ വേതനം സംസ്ഥാന സർക്കാർ വഹിക്കുന്നതാണ്. 9ാം ക്ലാസിലെ അദ്ധ്യാപകരുടെ വേതനയിനത്തിൽ വേണ്ടിവരുന്ന ചെലവ് ആർ.എം.എസ്.എ.യുടെ വാർഷിക പദ്ധതിയിൽ നിന്നും വഹിക്കേണ്ടതാണ്. പുതുതായി ആരംഭിക്കുന്ന ഹൈസ്കൂൾ വിഭാഗത്തിലേക്ക് ആവശ്യമായ ജീവനക്കാരെ പുനർവിന്യാസത്തിലൂടെ കണ്ടെത്തേണ്ടതാണ്. പൊതു വിദ്യാഭ്യാസ ഡയറക്ടർ ഈ വിഷയത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ജെയിംസ് വർഗ്ഗീസ്,**
**സെക്രട്ടറി.**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ, ആർ.എം.എസ്.എ., തിരുവനന്തപുരം.
തദ്ദേശസ്വയം ഭരണ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
ജില്ലാ പഞ്ചായത്ത് സെക്രട്ടറി, കാസർഗോഡ്, പാലക്കാട്, വയനാട്, ഇടുക്കി.
ധനകാര്യവകുപ്പ് (27.08.2010 ലെ അനൗ.നം.61085/എഡ്യൂ.ബി1/10/ധന പ്രകാരം).
തദ്ദേശസ്വയംഭരണ വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ്.
പൊതു ഭരണ (എസ്.സി.) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

അനുബന്ധം

കേരള സർക്കാർ

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം- രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതി- ഹൈസ്ക്കൂൾ വിഭാഗം ആരംഭിച്ച സ്കൂളുകളിൽ അദ്ധ്യാപക, അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാൻ അനുവാദം നൽകിക്കൊണ്ട് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്

സ.ഉ. (എംഎസ്) നം. 114/2011/പൊ.വി തീയതി, തിരുവനന്തപുരം, 19/05/2011.

പരാമർശം:- 1. 16.11.2010 ലെ സ.ഉ. (എം.എസ്) നം. 238/2010/പൊ.വി.

2. ആർ.എം.എസ്.എ. സ്പെഷ്യൽ ഓഫീസറുടെ 22.12.2010 ലെ എ.1-6/2009/ആർ.എം.എസ്.എ. നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം കാസർഗോഡ്, വയനാട്, പാലക്കാട്, ഇടുക്കി ജില്ലകളിലെ 60 സർക്കാർ യു.പി. സ്കൂളുകളിൽ ഈ അധ്യയന വർഷം 8,9 ക്ലാസുകൾ ആരംഭിക്കുന്നതിന് ഉത്തരവായി. രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ.) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരമാണ് ടി സ്കൂളുകളിൽ ഹൈസ്ക്കൂൾ വിഭാഗം ആരംഭിക്കുന്നതിന് അനുമതി നൽകിയത്. ആർ.എം.എസ്.എ. പദ്ധതി പ്രകാരം ആരംഭിച്ച ഹൈസ്ക്കൂൾ വിഭാഗത്തിലെ 9-ാം ക്ലാസ്സിലെ അധ്യാപകരുടെ വേതനാടിസ്ഥാനത്തിൽ വരുന്ന ചെലവ് ആർ.എം.എസ്.എ. പദ്ധതിയിൽ നിന്നും ലഭിക്കുന്നതാണ്. പുതുതായി ആരംഭിക്കുന്ന ഹൈസ്കൂൾ വിഭാഗത്തിലേയ്ക്ക് ആവശ്യമായ ജീവനക്കാരെ പുനർവിന്യാസത്തിലൂടെ കണ്ടെത്തേണ്ടതാണെന്നും സർക്കാർ ഉത്തരവായിരുന്നു.

എറണാകുളത്ത് വച്ച് 10.12.2010 ൽ ചേർന്ന വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥരുടെയും ബന്ധപ്പെട്ട സ്കൂളുകളിലെ പി.ടി.എ. പ്രസിഡന്റുമാരുടെയും ഹെഡ്മാസ്റ്റർമാരുടെയും യോഗത്തിൽ കൈക്കൊണ്ട തീരുമാനപ്രകാരം പ്രസ്തുത സ്കൂളുകളിൽ തസ്തികകൾ അനുവദിക്കുന്നതും മറ്റും സംബന്ധിച്ച് ഏതാനും ശുപാർശകൾ സർക്കാരിന്റെ അനുമതിക്കായി ആർ.എം.എസ്.എ. സ്പെഷ്യൽ ഓഫീസർ സമർപ്പിച്ചിരുന്നു. ഇത് പ്രകാരം സ്കൂളുകളെ ഉയർത്തി ഹൈസ്കൂളുകൾ ആരംഭിക്കുന്ന ഇടങ്ങളിൽ ഒരു ടീച്ചർ ഇൻ-ചാർജ്ജിനെ നിയമിക്കേണ്ടതാണ്. യു.പി.സ്കൂളിൽ ഇപ്പോൾ ജോലി നോക്കുന്ന ഹെഡ്മാസ്റ്റർമാരെ പ്രൈമറി വിഭാഗത്തിന്റെ ഹെഡ്മാസ്റ്റർ എന്ന നിലയിൽ തുടർന്നും അവിടെ തുടരാൻ അനുവദിക്കണമെന്നും, പുതുതായി ഹൈസ്കൂളുകളിൽ നിയമിക്കുന്ന ഹൈസ്കൂൾ അധ്യാപകരിൽ ഒരാളെ ടീച്ചർ ഇൻ-ചാർജ്ജായി ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരെ നിയമിക്കുന്നതുവരെ നിയമിക്കാവുന്നതാണെന്നും സ്പെഷ്യൽ ഓഫീസർ ശുപാർശ ചെയ്യുകയുണ്ടായി.

ഈ അധ്യയന വർഷം ആരംഭിക്കുന്ന 8, 9 ക്ലാസുകളിലേയ്ക്ക് രണ്ട് ഡിവിഷനിൽ ആവശ്യമായ നാല് ഹൈസ്കൂൾ അസിസ്റ്റന്റ് (കോർ സബ്ജക്റ്റ്), രണ്ട് ഭാഷാധ്യാപക തസ്തികകൾ വീതം അനുവദിക്കേണ്ടതാണെന്ന് സ്പെഷ്യൽ ഓഫീസർ ശുപാർശ ചെയ്തിരുന്നു. മിനിസ്റ്റീരിയൽ വിഭാഗത്തിൽ ഒരു ക്ലാർക്ക്, രണ്ട് പ്യൂൺ, രണ്ട് എഫ്.ടി.എം.തസ്തികകൾ കൂടി അനുവദിക്കേണ്ടതുണ്ടെന്നും സ്പെഷ്യൽ ഓഫീസർ അറിയിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആർ.എം.എസ്.എ പദ്ധതി പ്രകാരം ഹൈസ്കൂൾ വിഭാഗം ആരംഭിച്ച 60 സ്കൂളുകളിൽ താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിക്കുവാൻ അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. 240 എച്ച്.എസ്.എ (കോർ സബ്ജക്റ്റ്)
120 എച്ച്.എസ്.എ (ഭാഷ) (ആകെ 360 തസ്തികകൾ)

ii. 60 സ്കൂളുകളിൽ 60 ഹൈസ്കൂൾ പ്രധാന അദ്ധ്യാപക തസ്തികകൾ

iii. മേൽപ്പറഞ്ഞ 60 സ്കൂളുകളിലോരോന്നിലും ഒരു ക്ലാർക്ക്, രണ്ട് പ്യൂൺ, രണ്ട് എഫ്.ടി.എം തസ്തികകൾ വീതം ആകെ 60 ക്ലാർക്ക്, 120 പ്യൂൺ, 120 എഫ്.ടി.എം തസ്തികകൾ.

ഹൈസ്കൂളുകളായി ഉയർത്തുന്ന ഇടങ്ങളിൽ ഇപ്പോൾ നിലവിലുള്ള പ്രൈമറി ഹെഡ്മാസ്റ്റർമാരെ പ്രൈമറി വിഭാഗം നിലനിർത്തി പ്രസ്തുത വിഭാഗത്തിന്റെ മേധാവിയായി തുടരാൻ അനുവാദം നൽകുന്നു.

ഇടുക്കി ശാന്തിഗ്രാം സെൻട്രൽ സ്കൂളിലെ 1 മുതൽ 7 വരെ ക്ലാസുകളിലേക്ക് 7 പ്രൈമറി അദ്ധ്യാപക തസ്തികകൾ കൂടി സൃഷ്ടിക്കുവാനും അനുവാദം നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുബ്രതാ ബിശ്വാസ്,
പ്രിൻസിപ്പൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ, രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ, തിരുവനന്തപുരം.
~~ജില്ലാ~~ വിദ്യാഭ്യാസ ഉപഡയറക്ടർ, ഇടുക്കി/പാലക്കാട്/വയനാട്/കാസർഗോഡ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
പൊതുഭരണ (എസ്.സി) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ